# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 01, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 286)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : | 5248 മുതൽ 5325 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | 5326 മുതൽ 5364 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | 5365 മുതൽ 5434 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | 5435 മുതൽ 5488 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | 5489 മുതൽ 5533 വരെ |

<u>ആർ. എ. പി. ഡി. ആർ. പി.</u>

5248 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
" രാജു എബ്രഹാം
" എസ്. രാജേന്ദ്രൻ
" കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന ആർ.എ.പി. ഡി.ആർ.പി. യിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോഴാണ് പൂർത്തിയാക്കേണ്ടത് ; പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

## ‘മിഷൻ 676’ ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

5249 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ‘മിഷൻ 676’ ൽ ഉൾപ്പെടുത്തി ഊർജ്ജ വകുപ്പുമന്ത്രിയുടെ ഭരണചുമതലയുള്ള ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തുതുക ആവശ്യമായി വരുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ലാഭപ്രഭ പദ്ധതി</u>

5250 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡ് ആരംഭിച്ച ലാഭപ്രഭ പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ലാഭപ്രഭ പദ്ധതിയുടെ പ്രചാരണത്തിനായി മുൻവർഷം എത്ര രൂപ ബോർഡ് ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ലാഭപ്രഭ പദ്ധതിയിലൂടെ മുൻവർഷം എത്ര യൂണിറ്റ് വൈദ്യുതിയുടെ ലാഭം ബോർഡിന് ഉണ്ടായതായാണ് കണക്കാക്കുന്നത്;

(ഡി) ലാഭപ്രഭ പദ്ധതി വിജയമായിരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സൗജന്യമായി സി.എഫ്.എൽ. വിതരണ പദ്ധതി</u>

5251 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി സി.എഫ്.എൽ. വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സി.എഫ്.എൽ. ആണ് സൗജന്യമായി വിതരണം ചെയ്തത് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി</u>

5252 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരുന്ന പ്രസരണ ഇടനാഴികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഓരോ ഇടനാഴിയിലൂടെയും എത്ര മെഗാവാട്ട് വൈദ്യുതിയാണ് കൊണ്ടുവരുന്നത്; പ്രസ്തുത ഓരോ ഇടനാഴിയുടേയും കരാർ കാലാവധി എന്ന് അവസാനിക്കും; വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഇടനാഴികളുടെ കരാർ കാലാവധിയാണ് കഴിഞ്ഞത്; എന്നാണ് കഴിഞ്ഞത്; പ്രസ്തുത ഇടനാഴികൾ വഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് കൊണ്ടുവന്നിരുന്നത്; അവയുടെ കരാർ പുതുക്കുന്നതിനുള്ള അപേക്ഷ എന്നാണ് നൽകിയത്;

(ഡി) 2014-15-ൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് പുറത്തുനിന്ന് വാങ്ങേണ്ടിവരുമെന്ന് കരുതുന്നത്;

(ഇ) എത്ര മെഗാവാട്ട് വൈദ്യുതി എത്തിക്കാൻ ആവശ്യമായ ഇടനാഴിയാണ് കേരളം പി.ജി.സി.ഐ.എൽ.നോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ</u>

5253 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ ശൃംഖലയിലുണ്ടാകുന്ന പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് കെ.എസ്.ഇ.ബി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുണ്ടാകുന്ന നഷ്ടം ബോർഡ് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പുതിയ വൈദ്യുതി കണക്ഷൻ നിരക്ക്</u>

5254 ശ്രീ.വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാധാരണ വീടുകളിലേക്കുള്ള പുതിയ വൈദ്യുതി കണക്ഷൻ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവിധ കണക്ഷനുകൾക്ക് നല്കേണ്ടുന്ന നിരക്കുകൾ എത്ര വീതം; നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും തമ്മിൽ താരതമ്യം ചെയ്യുമോ;

(ബി) വൻകിട ഗാർഹിക ഉപഭോക്താക്കളുടെ കണക്ഷൻ നിരക്ക് കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുണ്ടായിരുന്ന നിരക്കും കുറച്ച നിരക്കും തമ്മിൽ താരതമ്യം ചെയ്യുമോ;

(സി) പുതുക്കിയ നിരക്കുകൾ എന്നു മുതലാണ് നിലവിൽ വന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>അപേക്ഷിക്കുന്നവർക്കെല്ലാം ഉടൻ വൈദ്യുതി കണക്ഷൻ</u>

5255 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, എം. എ. വാഹീദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നവർക്കെല്ലാം ഉടൻതന്നെ കണക്ഷൻ നൽകാനുള്ള എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം പദ്ധതികളാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) അപേക്ഷിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ച പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന അഡീഷണൽ ക്യാഷ് ഡിപ്പോസിറ്റ്</u>

5256 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളിൽ നിന്ന് അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ്(എ.സി.ഡി) പിരിക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ആവശ്യകത വ്യക്തമാക്കുമോ ;

(ബി) എ.സി.ഡി. പിരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) എ.സി.ഡി. പിരിക്കുന്നത് സംബന്ധിച്ച് റെഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബി ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) റെഗുലേറ്ററി കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു തന്നെയാണോ എ.സി.ഡി. പിരിക്കുന്നത് ; അല്ലെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്തുനടപടിയാണ് സ്വീകരിച്ചത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>റെസ്പോൺസിബിൾ കൺസ്യൂമർ ആനുകൂല്യങ്ങൾ</u>

5257 ശ്രീ. പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് റെസ്പോൺസിബിൾ കൺസ്യൂമർ ആനുകൂല്യങ്ങൾ നൽകാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഞായറാഴ്ചകളിൽ കുറഞ്ഞ വൈദ്യുതി നിരക്ക് ഏർപ്പെടുത്തുന്നതിനുദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതിബോർഡ് എത്ര ശതമാനം നിരക്ക് വർദ്ധനയാണ് ആവശ്യപ്പെട്ടിട്ടുളളത്; പുതിയ നിരക്ക് എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 01.07.2014–ലെ മറുപടിക്ക്

<u>രാജീവ്ഗാന്ധി ഗ്രാമീണ്‍ വൈദ്യുതീകരണ്‍ യോജന പ്രവര്‍ത്തനങ്ങള്‍</u>

5258 ശ്രീ. റോഷി അഗസ്റ്റിന്‍
,, എം. വി. ശ്രേയാംസ് കുമാര്‍
,, പി. സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ രാജീവ്ഗാന്ധി ഗ്രാമീണ്‍ വൈദ്യുതീകരണ്‍ യോജനയുടെ പ്രവര്‍ത്തനങ്ങള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ ;

(ബി) ഫണ്ടിന്റെ അപര്യാപ്ത പ്രസ്തുത പദ്ധതിയുടെ സുഗമമായ പ്രവര്‍ത്തനത്തിന് വിഘാതം സൃഷ്ടിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ നല്കുമോ ;

(സി) പുനര്‍സമര്‍പ്പിക്കപ്പെട്ട ഡി. പി. ആര്‍. അനുസരിച്ച് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ആര്‍. ഇ. സി. യുടെ അംഗീകാരം ഏതെല്ലാം ജില്ലകള്‍ക്കു ലഭിച്ചുവെന്ന് അറിയിക്കുമോ ; ഇതിന്റെ ആകെ അടങ്കല്‍ എത്രയാണ് ; പദ്ധതി പ്രവര്‍ത്തനങ്ങള്‍ ഇതിനോടകം ആരംഭിക്കുവാന്‍ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ ആര്‍. ജി. ജി. വി. വൈ.യുടെ പ്രവര്‍ത്തനങ്ങള്‍ സമയബന്ധിതമായി പൂര്‍ത്തിയാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ</u>

5259 ശ്രീ. എം. ചന്ദ്രൻ
,, കെ. കെ. നാരായണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ.ക്കു പുറമേ സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആകെ എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(സി) ഇതിൽ ഒ.വൈ.ഇ.സി. സ്കീം പ്രകാരം എത്ര കണക്ഷൻ നൽകിയിട്ടുണ്ട്; ഒ.വൈ.ഇ.സി. സ്കീമിലല്ലാതെ നൽകിയ കണക്ഷനുകൾ എത്ര;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(ഇ) ഇതിൽ ഒ.വൈ.ഇ.സി. സ്കീം പ്രകാരം എത്ര കണക്ഷൻ നൽകിയിട്ടുണ്ട്; ഒ.വൈ.ഇ.സി. സ്കീമിലല്ലാതെ നൽകിയ കണക്ഷനുകൾ എത്ര; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ശയ്യാവലംബികളായ രോഗികള്‍ക്ക് ജീവന്‍ സുരക്ഷാ സംവിധാനം ഉപയോഗിക്കുന്നതിന് സൗജന്യ വൈദ്യുതി</u>

5260 ശ്രീ. കെ. മുരളീധരന്‍
,, എം. പി. വിന്‍സെന്റ്
,, റ്റി. എന്‍. പ്രതാപന്‍
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ശയ്യാവലംബികളായ രോഗികള്‍ക്ക് വീടുകളില്‍ ജീവന്‍ സുരക്ഷാസംവിധാനം ഉപയോഗിക്കുന്നതിനുള്ള വൈദ്യുതി സൗജന്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങള്‍ നല്‍കുമോ;

(സി) പ്രതിമാസം സൗജന്യമായി എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) നിശ്ചിത യൂണിറ്റില്‍ കൂടുതല്‍ വൈദ്യുതി ഉപയോഗിക്കുന്നവരില്‍ നിന്ന് വൈദ്യുതി ചാര്‍ജ് എങ്ങനെയാണ് ഈടാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ</u>

5261 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ബി) പമ്പ് ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് 30 സെന്റ് ഭൂമിയെങ്കിലും വേണമെന്ന നിബന്ധന നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) ചെറുകിടകർഷകർക്ക് പ്രസ്തുത നിബന്ധന മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അവർക്കുകൂടി സഹായകരമാകുന്നതരത്തിൽ കാർഷിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നിയമത്തിൽ ഇളവുകൾ അനുവദിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ആർ. ജി. ജി. വി. വൈ.

5262 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ജി. ജി. വി. വൈ. പ്രകാരം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതായി എത്ര പേർ അപേക്ഷിച്ചിരുന്നു ;

(ബി) എത്ര പേർ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട് ;

(സി) എത്ര പേർക്ക് കണക്ഷൻ നല്കിയിട്ടുണ്ട് എന്നുള്ള വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന</u>

5263 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ബി. പി. എൽ. കുടുംബങ്ങളുടെ വീടുകളും, മറ്റ് ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിച്ചു എന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ സർക്കാർ എത്ര ബി. പി. എൽ കുടുംബങ്ങളുടെ വീടുകളും, മറ്റ് ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിച്ചു എന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിക്കായി എത്ര രൂപ ലഭിച്ചു; ഇതിൽ ഗ്രാന്റ് എത്ര രൂപ; സബ്സിഡി എത്ര രൂപ; എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിക്കായി എത്ര രൂപ ലഭിച്ചു; ഇതിൽ ഗ്രാന്റ് എത്ര; സബ്സിഡി എത്ര; എത്ര ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കുട്ടനാട്ടിൽ നടപ്പാക്കുന്ന ആർ.ജി.ജി.വി.വൈ.</u>

5264 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ എത്ര കണക്ഷനുകൾ അനുവദിച്ചുവെന്ന് സെക്ഷൻ ഓഫീസുകൾ തിരിച്ച് വിശദമാക്കുമോ;

(ബി) കുട്ടനാട്ടിൽ വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ കൂടി പരിഗണിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ആലത്തൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി കണക്ഷനുകൾ</u>

5265 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 വർഷത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര അപേക്ഷകളിന്മേൽ കണക്ഷൻ നൽകിയിട്ടുണ്ട്;

(സി) ഇനി എത്ര അപേക്ഷകളാണ് തീർപ്പാക്കുവാനുള്ളത്;

(ഡി) വൈദ്യുതി കണക്ഷൻ എത്താത്ത ആദിവാസി/പട്ടികജാതി കോളനികൾ മണ്ഡലത്തിൽ ഇനിയുമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവിടേക്ക് വൈദ്യുതി എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

കായംകുളം മണ്ഡലത്തിലെ പുതിയ കണക്ഷനുകൾ

5266 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീറ്ററുകളുടെയും അനുബന്ധ സാമഗ്രികളുടെയും ദൗർലഭ്യം പുതിയ കണക്ഷനുകൾ നൽകുന്നതിന് തടസ്സമാകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) കായംകുളം മണ്ഡലത്തിൽ ഓരോ സെക്ഷൻ ഓഫീസിലും എത്ര വീതം കണക്ഷൻ നൽകാൻ ബാക്കിയുണ്ടെന്നും ആയത് എന്നത്തേക്ക് നൽകുവാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ</u>

5267 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ പൂർത്തീകരിക്കാൻ ഏതെല്ലാം സാധനസാമഗ്രികളുടെ ക്ഷാമമാണ് അനുഭവപ്പെടുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സാധനങ്ങൾ ലഭ്യമാക്കേണ്ട ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഓരോരുത്തർക്കും പ്രസ്തുത സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിൽ സീലിംഗ് നിശ്ചയിച്ചിട്ടുണ്ടോ;

(സി) ആവശ്യമായ സാധനങ്ങൾ എത്രയുംവേഗം ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ;

(ഡി) മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ എത്രയുംവേഗം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പദ്ധതികൾ</u>

5268 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന വിശദാംശം പട്ടിക രൂപത്തിൽ ലഭ്യമാക്കുമോ;

(ബി) അടുത്ത രണ്ടുവർഷത്തിനുള്ളിൽ നിയോജകമണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>അനെർട്ടിന്റെ ബയോഗ്യാസ് പ്ലാന്റുകൾ</u>

5269 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ ഏതെല്ലാം തരത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകളാണ് വിതരണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ തരം ബയോഗ്യാസ് പ്ലാന്റുകളുടെയും യഥാർത്ഥ വിലയും സബ്സിഡി കഴിഞ്ഞുള്ള വിലയും വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

വൈദ്യുതി ബോർഡിന്റെ സാമ്പത്തികബാധ്യത ലഘൂകരിക്കുന്നതിന് ലഭിച്ച സഹായം

5270 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡിന്റെ നിലവിലുള്ള സാമ്പത്തികബാധ്യത എത്രയാണ്; ഇത് ലഘൂകരിക്കുന്നതിന് സർക്കാരിൽനിന്ന് ലഭിച്ച സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യുടെ കമ്പനിവല്‍ക്കരണ നടപടികള്‍</u>

5271 ശ്രീ. ജി.എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ഇ.ബിയുടെ കമ്പനിവല്‍ക്കരണം സംബന്ധിച്ച് ജീവനക്കാരുടെ ആശങ്കകള്‍ പരിഹരിക്കുന്നതിന് സംഘടനകളുമായി കൂടിയാലോചനകള്‍ നടത്താന്‍ സര്‍ക്കാര്‍ തയ്യാറാകുമോ;

(ബി) കെ.എസ്.ഇ.ബി. പുന:സംഘടനയുടെ ഭാഗമായി ജീവനക്കാരുടെ പെന്‍ഷന്‍ പ്രായത്തില്‍ മാറ്റം വരുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിര്‍ദ്ദേശിച്ചിരിക്കുന്ന പെന്‍ഷന്‍ ഫണ്ട് പദ്ധതി ഉപേക്ഷിച്ച് നിലവില്‍ പെന്‍ഷന്‍ നല്‍കുന്ന രീതി തുടരാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>പുതിയ സപ്ലൈകോഡിലെ നിയന്ത്രണങ്ങൾ</u>

5272 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ കമ്പനിവത്കരണത്തെത്തുടർന്ന് ഉപഭോക്താക്കൾക്കും, ജീവനക്കാർക്കും, പട്ടികജാതി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങൾക്കും നാളിതുവരെ ലഭ്യമായിരുന്ന ഒട്ടനവധി ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള സപ്ലൈകോഡിൽ പുതുതായി വൈദ്യുതി കണക്ഷൻ എടുക്കുന്നവർക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം നിയന്ത്രണങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വീസ് കാലയളവിൽ തങ്ങളുടെ വീട്ടിൽ ഒരു തവണ സൗജന്യ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വൈദ്യുതി ജീവനക്കാർക്ക് ലഭ്യമായിരുന്ന ആനുകൂല്യം പുതിയ സപ്ലൈകോഡ് നടപ്പിലാക്കിയശേഷം നിർത്തലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സൗജന്യം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ നടപടി

5273 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ജലവൈദ്യുതി, സൗരോർജ്ജ തുടങ്ങി എല്ലാവിധത്തിലുള്ള വൈദ്യുതപദ്ധതികളിലും നിന്ന് എത്ര യൂണിറ്റ് അധിക വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നവിധത്തിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്;

(ബി) ആയതുപ്രകാരം പ്രതിദിനം എത്ര യൂണിറ്റ് അധിക വൈദ്യുതി ലഭിച്ചുതുടങ്ങി; വ്യക്തമാക്കുമോ;

(സി) ഊർജ്ജ പ്രതിസന്ധി പരിഹരിക്കാനായി ഏതെല്ലാം മന്ത്രി മന്ദിരങ്ങൾ, സർക്കാർ ഓഫീസുകൾ തുടങ്ങി സർക്കാർ പണം ഉപയോഗിച്ചു പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ സൗരോർജ്ജ പാനലുകളും പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) നടപ്പുവർഷം സംസ്ഥാനത്തെ എല്ലാ ജല സംഭരണികളിലുമായി ആകെ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലമുണ്ടെന്നറിയിക്കുമോ;

(ഇ) വൈദ്യുതി ചാർജ്ജ് കൂട്ടാതിരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>അൾട്രാമെഗാപദ്ധതികളിൽ നിന്നുള്ള വൈദ്യുതി വിഹിതം</u>

5274 ശ്രീ. എ.കെ. ബാലൻ
,, ജെയിംസ് മാത്യു
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൾട്രാമെഗാപദ്ധതികളിൽ നിന്ന് കേരളത്തിന് എത്ര വൈദ്യുതി ലഭ്യമായിട്ടുണ്ട്;

(ബി) അൾട്രാമെഗാപദ്ധതികളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിന് ഗാഡ്ഗിൽ ഫോർമുല ബാധകമാണോ;

(സി) അൾട്രാമെഗാപദ്ധതികളിൽ നിന്ന് കേരളത്തിന് അർഹമായ വൈദ്യുതി വിഹിതം നേടിയെടുക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്;

(ഡി) കേരളത്തിൽ അൾട്രാമെഗാപദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാനം എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കേന്ദ്ര പൂളിൽനിന്ന് ലഭിക്കേണ്ട വൈദ്യുതി</u>

5275 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൂളിൽനിന്ന് ലഭിക്കേണ്ട വൈദ്യുതി സംസ്ഥാനത്തിന് ലഭിക്കുന്നതിൽ തടസ്സമെന്തെങ്കിലും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ശബരിഗിരി പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾ</u>

5276 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിഗിരി പദ്ധതിയുടെ നവീകരണപ്രവർത്തനങ്ങൾ ഏതു വരെയായെന്ന് വ്യക്തമാക്കുമോ; ഇതിനു വേണ്ടി വൈദ്യുതി ബോർഡ് എന്തുതുകയാണ് വകയിരുത്തിയത്; അതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഏതു കമ്പനിക്കാണ് നവീകരണജോലികൾക്കായുള്ള കരാർ നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) 'ഭെൽ' പോലെ രാജ്യാന്തര നിലവാരമുള്ള ഇന്ത്യൻ കമ്പനികൾക്ക് കരാർ നൽകാതെ ഓസ്ട്രേലിയയിലെ വി. എ. ടെക് കമ്പനിക്ക് കരാർ നൽകിയതാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ചെറുകിട വൈദ്യുത പദ്ധതികൾ</u>

5277 ശ്രീ. സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇക്കാലത്ത് കമ്മീഷൻ ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതുവഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കപ്പെട്ടത്; വിശദമാക്കുമോ;

(ഡി) പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ആഢ്യൻപാറ വൈദ്യുത പദ്ധതി</u>

5278 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഢ്യൻപാറ വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ കപ്പാസിറ്റി എത്രയെന്നും ഇതിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുതപദ്ധതി എത്രപേർക്ക് പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ;

(ഡി) മലബാറിന് ഏറെ പ്രയോജനപ്പെടുന്ന പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>നിർമ്മാണഘട്ടത്തിലുള്ള ജലവൈദ്യുത പദ്ധതികൾ</u>

5279 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണഘട്ടത്തിലുള്ള എത്ര ജലവൈദ്യുത പദ്ധതികളുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവ ഏതെല്ലാം ജില്ലകളിലാണെന്ന് അറിയിക്കുമോ;

(സി) ഓരോ പദ്ധതിയും എന്ന് പൂർത്തീകരിക്കാനാകുമെന്നും പുതുതായി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ഉത്പാദനത്തിനായി ഡാമുകളിൽ ഉള്ള വെള്ളത്തിന്റെ അളവ്</u>

5280 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ ഡാമുകളിൽ ആവശ്യത്തിന് വെള്ളം നിലവിലുണ്ടോയെന്ന് അറിയിക്കുമോ; എത്ര നാളത്തേക്ക് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം ഡാമുകളിൽ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വെള്ളം കഴിഞ്ഞ വർഷത്തെ അളവിനെക്കാൾ കുറവാണോ; വിശദമാക്കുമോ;

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ചാത്തൻകോട്ടുനട മിനിജലവൈദ്യുതി പദ്ധതിയുടെ ഭാഗമായുള്ള റോഡു നിർമ്മാണം

5281 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തൻകോട്ടുനട മിനി ജലവൈദ്യുതപദ്ധതിയുടെ ഭാഗമായി കാവിലുംപാറ ഗ്രാമപ്പഞ്ചായത്തിന്റെ കൈവശമുള്ള ചൊത്തക്കൊല്ലി -ഓടേരിപ്പൊയിൽ റോഡിന്റെ എത്ര മീറ്റർ ഭാഗത്താണ് കെ.എസ്.ഇ.ബി. നവീകരണ പ്രവൃത്തികൾ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തിയാക്കിയെന്നും ആയതിന് എന്തുതുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡ് വീതി കൂട്ടുന്നതിന് എത്ര സ്ഥലം കെ.എസ്.ഇ.ബി. ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

മൈക്രോ ഹൈഡൽ പ്രോജക്ടുകൾ

5282 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വൈദ്യുതോൽപ്പാദനശേഷിയുള്ള ചെറുവെള്ളച്ചാട്ടങ്ങൾ എവിടെയൊക്കെ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) അവയുടെ വൈദ്യുതോൽപ്പാദനശേഷി കണക്കാക്കിയിട്ടുണ്ടോ;

(സി) ആയതു സംബന്ധിച്ച് എന്തെങ്കിലും പഠനം കെ.എസ്.ഇ.ബി നടത്തുന്നുണ്ടോ;

(ഡി) പുതിയ മൈക്രോഹൈഡൽ പ്രോജക്ടുകൾ കണ്ടെത്തുന്നതിനോ, അതു സംബന്ധിച്ച പഠനം നടത്തുന്നതിനോ കെ.എസ്.ഇ.ബി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഇതു സംബന്ധിച്ച് നടത്തിയ പഠനവിവരങ്ങൾ ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കുമോ;

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>പെരുന്തേനുവി ജലവൈദ്യുത പദ്ധതി</u>

5283 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് എന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; പണി പൂർത്തീകരിക്കാൻ അനുവദിച്ച കാലാവധി എന്നുവരെയാണ് വ്യക്തമാക്കുമോ;

(സി) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിയിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉത്പ്പാദിപ്പിക്കാനാണ് തീരുമാനം എന്ന് അറിയിക്കുമോ;

(ഡി) എത്ര ടർബൈനുകളാണ് ഇവിടെ സ്ഥാപിക്കുന്നത്; ഇവിടെ ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി എവിടെ വിതരണം ചെയ്യാനാണ് തീരുമാനം;

(ഇ) പദ്ധതിയുടെ ഏതൊക്കെ പണികളാണ് പൂർത്തിയാക്കാനുള്ളത്; ഇവ പൂർത്തിയാക്കാൻ എന്തു കാലതാമസം വരുമെന്ന് അറിയിക്കുമോ;

(എഫ്) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിക്കായി ആകെ ചെലവഴിക്കുന്ന തുക എത്രയെന്നു അറിയിക്കുമോ; ഏതൊക്കെ കമ്പനികളാണ് കരാർ ഏറ്റെടുത്തിരിക്കുന്നത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ജി) പെരുന്തേനരുവി പദ്ധതിയിൽനിന്ന് വർഷത്തിൽ എത്ര മാസം വൈദ്യുതി ഉത്പ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

പുളിയിലപ്പാറ, പെരിങ്ങൽകുത്ത് ഡാമിൽനിന്ന് വെള്ളം ലഭ്യമാക്കുന്നതിന് അനുമതി

5284 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അതിരപ്പള്ളി പഞ്ചായത്തിലെ പുളിയിലപ്പാറ നിവാസികൾക്ക് നിലവിലുള്ള കുടിവെള്ള പദ്ധതിയിലേക്ക് വേനൽകാലത്ത് പെരിങ്ങൽകുത്ത് ഡാമിൽ നിന്ന് വെള്ളം ലഭ്യമാക്കുന്നതിനായി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ആനക്കയം വൈദ്യുത പദ്ധതി</u>

5285 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആനക്കയം വൈദ്യുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി</u>

5286 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ബാണാസുര സാഗർ ഹൈഡൽ ടൂറിസം പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്ലാൻ എന്നാണ് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം ഫയലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ബാണാസുരസാഗർ തടാകത്തിലെ ദ്വീപുകളെ ബന്ധപ്പെടുത്തി ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>പെരിങ്ങൽക്കുത്തിലെ ഹൈഡൽ ടൂറിസം വികസനം</u>

T5287 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്തിലെ കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്വാർട്ടേഴ്സുകൾ നവീകരിച്ച്, ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ടൂറിസ്റ്റുകൾക്ക് താമസസൗകര്യത്തിനായി ഉപയോഗപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി പെരിങ്ങൽകുത്തിൽ നടപ്പിലാക്കിയിരുന്ന ബോട്ടിംഗ് നിർത്തിവച്ചിരിക്കുന്നത് പുന:രാരംഭിക്കുന്നതിനായി അടയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഗാർഹിക കെട്ടിടങ്ങളിൽ സൗരോർജ്ജ വൈദ്യുതി നിർബന്ധിതമാക്കാൻ നടപടി</u>

5288 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം ഗാർഹിക കെട്ടിടങ്ങളിൽ നിർബന്ധിതമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) നിലവിലുള്ള കെട്ടിടങ്ങൾക്ക് ആയത് നിർബന്ധിതമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എ) ഇതിനായി സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് സബ്സിഡി അനുവദിക്കുക എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

റിസർവോയറുകളുടെയും കനാലുകളുടെയും സ്ഥലം ഉപയോഗിച്ച് സൗരോർജ്ജ വൈദ്യുതി

5289 ശ്രീ. കെ. മുരളീധരൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിസർവോയറുകളുടെയും കനാലുകളുടെയും സ്ഥലം ഉപയോഗിച്ച് സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

സൗരോർജ്ജത്തിന്റെ ഉല്പാദനവും ഉപഭോഗവും വ്യാപിപ്പിക്കാൻ നടപടി

5290 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സൗരോർജ്ജത്തിന്റെ ഉല്പാദനവും വിനിയോഗവും സാർവ്വത്രികമാക്കുന്നതിനും ചെലവുകുറഞ്ഞ ടെക്നോളജി വികസിപ്പിച്ചെടുത്ത് പ്രചരിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സൗരവൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ</u>

5291 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിലും സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന സൗരവൈദ്യുതി ബോർഡിന്റെ ശൃംഖലയിലേക്ക് നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സൗരവൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ ഉറപ്പാക്കണമെന്ന് കേന്ദ്രവൈദ്യുതി അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ചട്ടങ്ങൾക്ക് രൂപം നൽകാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വീടുകളിലും സ്ഥാപനങ്ങളിലും ഉത്പ്പാദിപ്പിക്കപ്പെടുന്ന സൗരവൈദ്യുതി ബാറ്ററികളിൽ ശേഖരിക്കുന്നതിനു പകരം ഗ്രിഡിലേയ്ക്ക് നൽകുന്നത് മൂലം ഇവയുടെ ഉത്പാദനചെലവിൽ കുറവുണ്ടാകുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കാറ്റിൽ നിന്നുള്ള വൈദ്യുതി</u>

5292 ശ്രീ. സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ
,, പി. ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദന രംഗത്ത് സംസ്ഥാനത്തിന് കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) 2013-14 വർഷത്തിൽ ഇക്കാര്യത്തിൽ ലക്ഷ്യം നിശ്ചയിച്ചിരുന്നോ; എങ്കിൽ ആയത് നേടാനായിട്ടുണ്ടോ;

(സി) വിൻഡ് എനർജി ചൂഷണം ചെയ്യാൻ അനുയോജ്യമായ മേഖലകൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>കൊച്ചി റിഫൈനറിയിലെ ചാരം ഉപയോഗിച്ചുള്ള വൈദ്യുതി പ്രോജക്ട്</u>

5293 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി റിഫൈനറിയിലെ എണ്ണയുടെ ഉപയോഗത്തിന് ശേഷമുള്ള ചാരം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പ്രോജക്ട് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോവാട്ട് വൈദ്യുതിയാണ് ഉൽപാദിക്കുവാൻ ഉദ്ദേശിക്കുന്നത്;

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സബ്സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി</u>

5294 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കപ്പാസിറ്റിയിലുള്ള ഏതെല്ലാം വൈദ്യുതി സബ്സ്റ്റേഷനുകളുടെ പ്രവൃത്തികൾ നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അവയുടെ പ്രവൃത്തി എന്ന് ആരംഭിച്ചുവെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) അവ എന്ന് പ്രവർത്തന സജ്ജമാക്കുവാൻ കഴിയും എന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിലയിരുത്താറുണ്ടോ;

(ഇ) നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സബ്സ്റ്റേഷനുകളുടെ കപ്പാസിറ്റി</u>

5295 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ള ഓരോ സബ്സ്റ്റേഷന്റെയും കപ്പാസിറ്റി എത്ര വീതമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ചെറായി 110 കെ. വി. സബ്സ്റ്റേഷൻ

5296 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചെറായി 110 കെ. വി. സബ് സ്റ്റേഷൻ എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

വള്ളിക്കുന്ന് മണ്ഡലത്തിൽ കെ.എസ്.ഇ.ബി യുടെ പുതിയ സെക്ഷൻ

5297 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പറമ്പിൽ പീടികയിൽ കെ.എസ്.ഇ.ബി യുടെ ഒരു പുതിയ സെക്ഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ചമ്പന്നൂരിൽ 110 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി</u>

5298 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ചമ്പന്നൂർ വ്യവസായ മേഖലയോട് ചേർന്നു കിടക്കുന്ന 16 ഏക്കറോളം വരുന്ന കെ.എസ്.ഇ.ബി. യുടെ ട്രാൻസ്മിഷൻ സ്റ്റോർ പ്രവർത്തിക്കുന്ന സ്ഥലത്ത് വ്യവസായ മേഖലയിലെ വൈദ്യുതിയുടെ ആവശ്യകത കണക്കിലെടുത്ത് 110 കെ.വി സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി, കൊയിലാണ്ടി സബ്സ്റ്റേഷനുകള്‍</u>

5299 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാലുശ്ശേരിയിലെ 33 കെ.വി. സബ്സ്റ്റേഷനില്‍ ഇന്‍കമിംഗ് സപ്ലെയില്ലാത്തതുകാരണം 2013 ഏപ്രില്‍ 1 മുതല്‍ 2014 മാര്‍ച്ച് 31 വരെ എത്ര തവണ വൈദ്യുതി വിതരണം തടസ്സപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവില്‍ കൊയിലാണ്ടി 110 കെ.വി. സബ് സ്റ്റേഷനില്‍ ഇന്‍കമിംഗ് സപ്ലെയില്ലാത്തതുകാരണം എത്ര തവണ വൈദ്യുതി വിതരണം തടസ്സപ്പെട്ടിട്ടുണ്ട്;

(സി) ബാലുശ്ശേരി 33 കെ.വി. സബ് സ്റ്റേഷന് ഒരു ബാക്ക്ഫീഡിംഗ് സംവിധാനമില്ലാത്തത് ബാലുശ്ശേരി പ്രദേശത്തെ വൈദ്യുതി വിതരണത്തെ സാരമായി ബാധിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രദേശത്തെ വൈദ്യുതി വിതരണ രംഗത്തെ പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിന് എന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് ബന്ധപ്പെട്ടവര്‍ സമര്‍പ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

മലബാറിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ

5300 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രതിസന്ധിയും ലോഡ് ഷെഡ്ഡിങ്ങും പരിഹരിക്കാൻ സഹായകമായ മലബാറിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ മുടങ്ങിക്കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മലബാറിൽ നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ചോ പുതിയ സാധ്യതകൾ തേടുന്നത് സംബന്ധിച്ചോ വൈദ്യുതി ബോർഡ് ഉന്നതതല അവലോകന യോഗം യഥാസമയം ചേരാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ലോഡ്ഷെഡിംഗ് നടപടികൾ

5301 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഇപ്പോഴത്തെ ലോഡ്ഷെഡിംഗിനു കാരണം വൈദ്യുതി വകുപ്പിന്റെ ആസൂത്രണത്തിലെ പിഴവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ആക്ഷേപത്തിൽ വസ്തുതയുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ വർഷം ലോഡ്ഷെഡിംഗും പവർ കട്ടും ഒഴിവാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച ആസൂത്രണത്തിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) കോറിഡോർ ബുക്ക് ചെയ്യുന്നതിനും മറ്റുമായി സ്വീകരിച്ച നടപടിയുടെയും കത്തിടപാടുകളുടെയും കലണ്ടർ ഓഫ് ആക്ഷൻ നടപടികളുടെയും വിശദാംശം നല്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി. യുടെ കടബാധ്യതകൾ</u>

5302 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി-യുടെ കടബാധ്യതകൾ കുറച്ചുകൊണ്ടുവരാൻ കെ.എസ്.ഇ.ബി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>വൈദ്യുതി പ്രതിസന്ധി മറികടക്കാനുള്ള നടപടികള്‍</u>

5303 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
,, മുല്ലക്കര രത്നാകരന്‍
,, ഇ. ചന്ദ്രശേഖരന്‍
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വര്‍ഷംതോറും വര്‍ദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് അധിക വൈദ്യുതി ലഭ്യമാക്കാന്‍ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; നിലവിലുള്ള സംവിധാനങ്ങള്‍ പര്യാപ്തമല്ലെന്നത് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) ഇതിനായി സമഗ്രമായ പ്രസരണ മാസ്റ്റര്‍ പ്ലാന്‍ അംഗീകരിച്ച് തുടക്കം കുറിച്ചതെന്നാണെന്ന് അറിയിക്കുമോ;

(സി) പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം പദ്ധതികള്‍ ഇപ്പോള്‍ മുടങ്ങിക്കിടക്കുന്നുണ്ട്; പ്രസ്തുത പദ്ധതികള്‍ ആരംഭിച്ചതെന്നാണ്; ഇവ പൂര്‍ത്തിയാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതി രംഗത്തെ പ്രതിസന്ധി</u>

5304 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ ഇപ്പോഴത്തെ സർക്കാർ പരാജയപ്പെട്ടതാണ് വൈദ്യുതി രംഗത്തെ പ്രതിസന്ധിക്ക് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) 2011 മാർച്ചിൽ 500 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡറും കൂടാതെ 2011-12 വർഷത്തേക്ക് കർണ്ണാടകത്തിൽ നിന്ന് 100 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറും റദ്ദാക്കാനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സൗജന്യ കണക്ഷനുകൾ അനുവദിച്ചുവെന്ന് അറിയിക്കുമോ; സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി. യുടെ നഷ്ടം സംബന്ധിച്ച
സി & എ.ജി. റിപ്പോർട്ട്

5305 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസൂത്രണത്തിലെ പാളിച്ചയും കെടുകാര്യസ്ഥതയും മൂലം കെ.എസ്.ഇ.ബി.ക്ക് കോടികളുടെ നഷ്ടം ഉണ്ടായതായി കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ സൂചനയുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളിലായാണ് ഈ നഷ്ടം സംഭവിച്ചിരിക്കുന്നതെന്ന് റിപ്പോർട്ടിലുള്ള പരാമർശങ്ങളുടെ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികളായ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് നേരെയുള്ള കൈയേറ്റശ്രമങ്ങൾ</u>

5306 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രഖ്യാപിത, അപ്രഖ്യാപിത വൈദ്യുതി നിയന്ത്രണങ്ങൾമൂലം ദുരിതത്തിലായ ജനങ്ങൾ കെ.എസ്.ഇ.ബി. ഓഫീസുകൾക്കും ജീവനക്കാർക്കുമെതിരെ കൈയേറ്റ ശ്രമങ്ങൾ നടത്തുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ അഞ്ച് മാസത്തിനിടെ ഇത്തരത്തിൽ എത്ര കൈയേറ്റ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പ്രസരണ സംവിധാനം മെച്ചപ്പെടുത്താൻ നടപടി</u>

5307 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്ത സാധനസാമഗ്രികൾ ഉപയോഗിക്കുന്നതുമൂലം കൊണ്ട് പലപ്പോഴും വൈദ്യുതി പ്രസരണത്തിൽ ചോർച്ചയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസരണത്തിനായി ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ ഗുണമേന്മ ഉറപ്പാക്കാനും പ്രസരണ സംവിധാനം ശക്തിപ്പെടുത്താനുമുള്ള പദ്ധതിക്ക് രൂപം നൽകുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വന്‍കിട വൈദ്യുതി ഉപഭോക്താക്കളില്‍ നിന്ന്
പിരിച്ചെടുക്കാനുള്ള മൊത്തം കുടിശ്ശിക</u>

5308 ശ്രീ. സി. ദിവാകരന്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍
ശ്രീ. ജി. എസ്. ജയലാല്‍
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വന്‍കിട വൈദ്യുതി ഉപഭോക്താക്കളില്‍ നിന്ന് പിരിച്ചെടുക്കാനുള്ള മൊത്തം കുടിശ്ശിക എത്രയെന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര, സംസ്ഥാന സര്‍ക്കാരുകളുടെ വിവിധ വകുപ്പുകള്‍ വൈദ്യുതി ചാര്‍ജ്ജ് ഇനത്തില്‍ എത്ര വീതം കുടിശ്ശികയാണ് അടച്ചുതീര്‍ക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങള്‍ ഓരോന്നും എത്ര വീതം വൈദ്യുതി ചാര്‍ജ്ജ് കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) തര്‍ക്കംമൂലം പിരിച്ചെടുക്കാന്‍ കഴിയാതിരിക്കുന്ന തുക എത്രയുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>അങ്കമാലി സർക്കാർ ആശുപത്രിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

5309 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി സർക്കാർ ആശുപത്രിയുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ എന്ത് തുക കുടുശ്ശിക ഉണ്ടെന്നുള്ള വിവരം അറിയിക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക തുക ഈടാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

5310 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സർക്കാർ-പൊതുമേഖലാസ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ സ്ഥാപനവും ഏതു വർഷം മുതലാണ് കുടിശ്ശിക വരുത്തിയതെന്നും പ്രസ്തുത കുടിശ്ശിക പിരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ വൈദ്യുതി മോഷണക്കേസ്സുകൾ</u>

5311 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13, 2013-14 കാലത്ത് വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ കായംകുളം മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കുന്നതിന് ബോധവൽക്കരണം</u>

5312 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീടുകളിലെ വയറിങ്ങ് ലൈനുകളിൽ നിന്നും കാലപ്പഴക്കം ചെന്നതും അല്ലാത്തതുമായ ഇലക്ട്രിക് വീട്ടുപകരണങ്ങളിൽ നിന്നും ഷോക്കേറ്റുണ്ടായ അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) കാലപ്പഴക്കം ചെന്ന വയറിങ്ങും മോശം ഇലക്ട്രിക് ഉപകരണങ്ങളും മാറ്റി സ്ഥാപിക്കുന്നതിനും ഇലക്ട്രിക് വീട്ടുപകരണങ്ങൾ ശ്രദ്ധയോടെ ഉപയോഗിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ, കെ.എസ്.ഇ.ബി. എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പൊട്ടിവീണ വൈദ്യുത കമ്പിയിൽ നിന്ന് ഷോക്കേറ്റുള്ള മരണങ്ങൾ</u>

5313 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പൊട്ടിവീണ വൈദ്യുത കമ്പികളിൽ നിന്ന് ആഘാതമേറ്റ് എത്രപേർ മരണപ്പെട്ടു; ഇതിൽ സ്കൂൾ കുട്ടികൾ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ മരണപ്പെട്ടവർക്ക് എത്രതുകയുടെ ധനസഹായം ഈ സർക്കാർ നൽകിയിട്ടുണ്ട്; ഓരോ കുടുംബത്തിനും ശരാശരി എന്തുതുക വീതം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പൊതുവഴിയിൽ പൊട്ടിക്കിടക്കുന്ന കമ്പിയിൽ വൈദ്യുതിപ്രവഹിച്ച് ആളുകൾ ഷോക്കേറ്റ് മരിച്ചാൽ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർക്ക് ബാധ്യതയുണ്ടെന്ന 2013 മാർച്ചിലെ ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ എത്ര അപകടങ്ങൾ നാളിതുവരെ നടന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) മഴക്കാലത്തു വൈദ്യുതികമ്പികൾ പൊട്ടി വീഴുന്നതും അതിൽ നിന്ന് ആഘാതമേറ്റു പിഞ്ചുകുഞ്ഞുങ്ങളടക്കമുള്ളവർ മരിക്കുന്നതും പതിവായിട്ടും വൈദ്യുതി ബോർഡ് അധികൃതർ ഇതിനെതിരെ നടപടി എടുക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>വൈദ്യുതാപകടങ്ങൾ സംബന്ധിച്ച പഠനം</u>

5314 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് അപകടങ്ങൾ വർദ്ധിക്കാൻ ഇടയായ കാരണങ്ങൾ സംബന്ധിച്ച പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതി അപകടങ്ങൾ</u>

5315 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മതിയായ സുരക്ഷാ സൗകര്യങ്ങളുടെ അപര്യാപ്തത മൂലം വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടമരണങ്ങളുടെ കഴിഞ്ഞ 4 വർഷത്തെ കണക്കുകൾ ജില്ല തിരിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

പാറശ്ശാല കെ.എസ്.ഇ.ബി. സെക്ഷന്റെ പ്രവര്‍ത്തനം

5316 ശ്രീ. ആര്‍. ശെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാറശ്ശാല കെ.എസ്.ഇ.ബി. സെക്ഷനില്‍നിന്നുള്ള ഡി.ബി./എ.ഇ./പി.എസ്.എല്‍.എ./പി.പി.എസ്. ഡബ്ല്യൂ.ഡി./23/13/14 നമ്പര്‍ കത്തുപ്രകാരം പാറശ്ശാല പഞ്ചായത്തില്‍ പരശുവയ്ക്കല്‍ വാര്‍ഡില്‍ പോസ്റ്റ് മാറ്റി ഇടുന്നതിന് 47,928 രൂപയുടെ ഡി.ഡി. എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയര്‍ കൈപ്പറ്റിയത്;

(ബി) പ്രസ്തുത ഡി.ഡി. കൈപ്പറ്റിയശേഷം എന്നാണ് പണി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പണി ആരംഭിച്ചിട്ടില്ലെങ്കില്‍ കാരണം വ്യക്തമാക്കുമോ;

(ഡി) 01-01-2014-നുശേഷം ഏതെങ്കിലും ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കില്‍ എന്നാണ് പണമായോ ഡി.ഡി. ആയോ ഗുണഭോക്താക്കള്‍ തുക അടച്ചത് എന്നുള്ള വിവരം ലഭ്യമാക്കുമോ;

(ഇ) പാറശ്ശാല കെ.എസ്.ഇ.ബി. സെക്ഷന്‍ അധികാരികളുടെ പ്രവൃത്തികള്‍ പരിശോധിക്കുന്നതിന് നിലവില്‍ സംവിധാനമുണ്ടോ; എങ്കില്‍ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുത ഉദ്യോഗസ്ഥര്‍ ഇത് സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) സീനിയോറിറ്റി ലംഘിച്ച് നടത്തുന്ന പ്രവൃത്തികള്‍ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>വൈദ്യുതിബോർഡിലെ നിയമനങ്ങൾ</u>

5317 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡിലെ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി ഇപ്പോൾ ഏതൊക്കെ റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ നൽകുമോ; എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) കെ.എസ്.ഇ.ബി യിലെ ലൈൻമാൻ, മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിലേക്കുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി. യെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന്റെ കാരണം അറിയിക്കുമോ; വൈദ്യുതി ബോർഡിൽ നിയമനനിരോധനം നിലവിലുണ്ടോ;

(സി) കെ.എസ്.ഇ.ബി യിലെ നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ലൈൻമാൻ തസ്തികയിലേക്ക് ഇലക്ട്രിസിറ്റി വർക്കർമാരിൽ നിന്ന് പ്രമോഷൻ</u>

5318 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബിയിൽ ലൈൻമാൻ വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് ഇലക്ട്രിസിറ്റി വർക്കർമാരിൽ നിന്ന് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യിലെ അച്ചടക്ക നടപടി</u>

5319 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്ന നടപടി സ്വീകരിക്കുന്നതിനു മുമ്പ് എന്തെല്ലാം നടപടിക്രമങ്ങളാണ് കെ.എസ്.ഇ.ബി.യിൽ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ മുഴുവൻ പൂർത്തിയാക്കിയ ശേഷമാണോ എടൂർ ഇലക്ട്രിക്കൽ സെക്ഷനിൽ ജൂനിയർ അസിസ്റ്റന്റായിരുന്ന ശ്രീ. വി.പി. രാമചന്ദ്രനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഇതു സംബന്ധമായി നടത്തിയ മുഴുവൻ കത്തിടപാടുകളുടെയും അന്തിമ ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കൊരട്ടി റെയിൽവേ സ്റ്റേഷനിലെ അടിസ്ഥാന സൗകര്യ വികസനം

5320 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി റെയിൽവേ സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി നിലവിൽ എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചതെന്നും അവ ഏതൊക്കെയാണെന്നും സംസ്ഥാന സർക്കാരിന് അറിവുണ്ടോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ബി) അനുവദിച്ച മുഴുവൻ തുകയും ഇതിനായി ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) കൊരട്ടി റെയിൽവേ സ്റ്റേഷന്റെ വികസനത്തിനും, ഇപ്പോൾ അവിടെ സ്റ്റോപ്പ് അനുവദിച്ചിട്ടുള്ള ട്രെയിനുകളുടെ സ്റ്റോപ്പുകൾ നിലനിർത്തുന്നതിനും കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സമഗ്ര ഇ-മാലിന്യ നയം</u>

T5321 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് മാലിന്യങ്ങൾ പ്രകൃതിയിൽ വരുത്തുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഒരു സമഗ്ര ഇ-മാലിന്യ നയത്തിന് രൂപം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിദേശരാഷ്ട്രങ്ങളെപ്പോലെ, ഉല്പാദിപ്പിക്കുന്നവർ തന്നെ ഇലക്ട്രോണിക് മാലിന്യങ്ങൾ തിരിച്ചെടുക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>നദീജല ഗുണനിലവാരം നിരീക്ഷിക്കുന്നതിന് മോണിറ്ററിംഗ് സ്റ്റേഷൻ</u>

5322 ശ്രീ. എം.എ. വാഹീദ്
,, ജോസഫ് വാഴക്കൻ
,, സി.പി. മുഹമ്മദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നദീജല ഗുണനിലവാരം നിരീക്ഷിക്കുന്നതിന് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ</u>

T5323 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിയന്ത്രണാതീതമായിവരുന്ന പൊതു ഇടങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ നിയന്ത്രിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്ഥാപനങ്ങളിലെയും വീടുകളിലെയും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് സ്വീകരിച്ച നിർദ്ദേശങ്ങളും നടപടികളും എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) വികേന്ദ്രീകൃത മാലിന്യ സംസ്കരണമെന്ന ആശയം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനു സ്വീകരിച്ച ഭരണനടപടികളും കർമ്മ പദ്ധതികളും വിശദമാക്കുമോ;

(ഡി) മാലിന്യ രഹിത കേരളമെന്ന ആശയം മുൻനിർത്തി വമ്പിച്ച ജനകീയ പ്രചരണം ആലോചനയിലുണ്ടോ; വിശദീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മാലിന്യ നിർമ്മാർജ്ജനം

5324 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങളും,ഇ-വേസ്റ്റും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ചുമതല ആരെയാണ് ഏല്പിച്ചിട്ടുള്ളത്;

(ബി) ഏതു രീതിയിലാണ് ഇവ നിർമ്മാർജനം ചെയ്യുന്നത്; ഇതുമൂലമുള്ള പരിസരമലിനീകരണത്തെക്കുറിച്ച് പഠനം നടത്തി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

## മാവേലിക്കര മണ്ഡലത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

5325 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കരയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അംഗീകാരം നൽകിയിട്ടില്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) മാവേലിക്കര കൊച്ചാലുംമൂട്ടിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ളത്;

(ഇ) ഇവിടെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; അവയ്ക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?